ഉത്തരം

(എ) റദ്ദ് ചെയ്തിട്ടില്ല. 16-1-2002-ലെ ഉത്തരവിലെ നിയന്ത്രണങ്ങൾ പിൻവലിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്.

(ബി) വിധിയുടെ പകർപ്പ് മേശപ്പുറത്തുവയ്ക്കുന്നു.†

(സി) സർക്കാർ, ഹൈക്കോടതി മുമ്പാകെ ഇക്കാര്യത്തിൽ സത്യവാങ്മൂലം നൽകിയിട്ടില്ല.

(ഡി ആന്റ് ഇ) (സി) പിരിവിന്റെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ ജീവനക്കാരുടെ പുനഃസ്ഥാപിക്കപ്പെട്ട ആനുകൂല്യങ്ങൾ

31 [31] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ 2002 ജനുവരി 16-ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങളിൽ വരുത്തിയ കുറവുകളിൽ പുനഃപരിശോധന നടത്തിയോ;

(ബി) എങ്കിൽ ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചുകൊണ്ട് ഏതൊക്കെ ഉത്തരവുകൾ സർക്കാർ ഇതുവരെ പുറപ്പെടുവിച്ചു; ഇതിൻ പ്രകാരം സർക്കാർ ജീവനക്കാർക്ക് ലഭിച്ച ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചുകൊണ്ട് 19-6-2003-ൽ ജി.ഒ.(പി) നമ്പർ 328/03/ധന-യും 16-6-2004-ൽ ജി.ഒ.(പി) നമ്പർ 279/04/ധന-യും പുറപ്പെടുവിച്ചിട്ടുണ്ട്. 19-6-2003-ലെ ഉത്തരവ് പ്രകാരം ലീവ് സറണ്ടർ ആനുകൂല്യം ഭാഗികമായി പുനഃസ്ഥാപിക്കുകയും, പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് ഡി.എ.-യും മറ്റ് അലവൻസുകളും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പെൻഷൻ കമ്മ്യൂട്ടേഷന്റെ പുനഃസ്ഥാപന കാലപരിധി 15 വർഷത്തിൽനിന്നും 12 വർഷമാക്കിയിട്ടുണ്ട്. 16-6-2004-ലെ ഉത്തരവ് പ്രകാരം ലീവ് സറണ്ടർ ആനുകൂല്യം പൂർണ്ണമായും പുനഃസ്ഥാപിച്ചിട്ടുണ്ട്.

പണിമുടക്ക് കാലം പരിഗണിക്കുന്ന രീതി

32 [32] ശ്രീ. ജോർജ് ജെ. മാത്യു:
,, പി. ജെ. ജോയി:
,, കെ. സി. ജോസഫ്:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സാമ്പത്തിക ബുദ്ധിമുട്ടുമൂലം സർക്കാർ ജീവനക്കാരുടെ എന്തെല്ലാം ആനുകൂല്യങ്ങൾ ഈ ഗവൺമെന്റ് താൽക്കാലികമായി സസ്പെന്റ് ചെയ്തു;

(ബി) അവയിൽ എന്തെല്ലാം തിരിച്ചു നൽകിയെന്നും ഏറ്റവും ഒടുവിൽ നടന്ന സർക്കാർ ജീവനക്കാരുടെ പണിമുടക്കു കാലം എപ്രകാരമാണ് പരിഗണിച്ചതെന്നും അത് അർഹതയുള്ള അവധിയായി കരുതുന്നകാര്യം പരിഗണിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ലീവ് സറണ്ടർ ആനുകൂല്യം, പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവരുടെ ഡി.എ., മറ്റ് അലവൻസുകൾ എന്നിവ താൽക്കാലികമായി സസ്പെന്റ് ചെയ്തിരുന്നു. കൂടാതെ പെൻഷൻ കമ്മ്യൂട്ടേഷൻ വാല്യുവിന്റെ ഡിസ്ക്കൗണ്ട് നിരക്ക് ഉയർത്തുകയും പെൻഷൻ കമ്മ്യൂട്ടേഷന്റെ പുനഃസ്ഥാപന കാലപരിധി 15 വർഷമാക്കി ഉയർത്തുകയും ചെയ്തിരുന്നു.

(ബി) ലീവ് സറണ്ടർ ആനുകൂല്യവും, പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവരുടെ ഡി.എ.-യും മറ്റും അലവൻസുകളും പൂർണ്ണമായി പുനഃസ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ, പെൻഷൻ കമ്മ്യൂട്ടേഷൻ വാല്യുവിന്റെ ഡിസ്ക്കൗണ്ട് റേറ്റിൽ വരുത്തിയ വർദ്ധനവ് ഭാഗികമായി കുറയ്ക്കുകയും പെൻഷൻ കമ്മ്യൂട്ടേഷന്റെ പുനഃസ്ഥാപന കാലപരിധി 12 വർഷമായി കുറച്ച് പൂർണ്ണതോതിൽ പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പണിമുടക്കുകാലം ഡയസ്നോൺ ആയിട്ടാണ് പരിഗണിച്ചിട്ടുള്ളത്. അർഹതയുള്ള അവധിയാക്കുന്ന കാര്യം പരിഗണിച്ചിട്ടില്ല.

ജനസംഖ്യാ വർദ്ധനവിലെ അനുപാതം

33 [33] ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, ഇ. എം. അഗസ്തി:
,, എം. മുരളി:
,, എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-ലെ സെൻസസിനെ അപേക്ഷിച്ച് 2001-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തിലെ ജനസംഖ്യാ വർദ്ധനവിന്റെ തോത് എത്രയാണ്;

(ബി) ഓരോ ജില്ലയിലും ഉണ്ടായിട്ടുള്ള വർദ്ധനവ് എത്രയാണെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 9.43%.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

മന്ത്രിമാരുടെ വിമാനയാത്ര

34 [34] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന മന്ത്രി സഭയിലെ ഓരോ അംഗവും 2004 ജൂൺ 15 വരെ എത്ര തവണ വിമാനമാർഗ്ഗം ഡൽഹിക്ക് പോയിട്ടുണ്ട്;

(ബി) ഇതിനായി ഓരോരുത്തർക്കും ചെലവായ തുക എത്രവീതമെന്ന് അറിയിക്കാമോ;

(സി) ഇതേ കാലയളവിൽ സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർ വിദേശ പര്യടനം നടത്തിയിട്ടുണ്ട്;

(ഡി) ഇതിനായി ചെലവഴിച്ച തുക എത്രവീതമെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇതേകാലയളവിൽ ഏതെല്ലാം വകുപ്പ് സെക്രട്ടറിമാരാണ് വിദേശപര്യടനം നടത്തിയിട്ടുള്ളത്; ഇതിനായി ചെലവഴിച്ച തുക എത്രവീതമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി) അനുബന്ധം 1-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.†

(സി—ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആലപ്പുഴ നഗര വികസനത്തിന്റെ മാസ്റ്റർപ്ലാൻ

35 [35] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിന്റെ സമഗ്ര വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് മുഖ്യമന്ത്രി യോഗം വിളിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്നാണ് പ്രസ്തുത യോഗം വിളിച്ചിരുന്നത്;

(സി) അന്ന് എടുത്തിരുന്ന തീരുമാനങ്ങൾ എന്തെല്ലാമാണ്; ഇവ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ എടുത്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

†, † ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 7—(തുടർച്ച)

അറിയിച്ചിരിക്കുന്നത്. എന്നാൽ 5-2-2004-നും 3-4-2004-നും ഇടയ്ക്കുള്ള കാലയളവിൽ കാലാവധി തീരുന്ന റാങ്ക് ലിസ്റ്റുകളിൽപ്പെട്ടവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല. ഇത് വിവേചനപരവും നീതി നിഷേധിക്കുന്നതുമാണെന്ന് ജനപ്രതിനിധികളിൽ നിന്നടക്കം നിരവധി നിവേദനങ്ങൾ കിട്ടിയിട്ടുള്ളതിനാലാണ് ടി കാലയളവിൽ കാലാവധി തീരുന്ന റാങ്ക്ലിസ്റ്റുകളടക്കം എല്ലാ റാങ്ക്ലിസ്റ്റുകളുടേയും കാലാവധി നീട്ടണമെന്ന് സർക്കാർ ശുപാർശ ചെയ്തിരുന്നത്. അതനുസരിച്ചുള്ള അനന്തര നടപടിയും ഉടനെ ഒരു മറുപടിയും പ്രതീക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

അഡീഷണൽ സെക്രട്ടറി,

പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

അനുബന്ധം 8

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 33 (33) ദയവായി കാണുക]

ജില്ല	ജനസംഖ്യ 1991	ജനസംഖ്യ 2001	വർദ്ധനവ് നിരക്ക്
തിരുവനന്തപുരം	2946650	3234356	9.76
കൊല്ലം	2407566	2585208	7.38
പത്തനംതിട്ട	1188332	1234016	3.84
ആലപ്പുഴ	2001217	2109160	5.39
കോട്ടയം	1828271	1953646	6.85
ഇടുക്കി	1078066	1129221	4.75
എറണാകുളം	2817236	3105798	10.24
തൃശ്ശൂർ	2737311	2974232	8.66
പാലക്കാട്	2382235	2617482	9.88
മലപ്പുറം	3096330	3625471	17.09
കോഴിക്കോട്	2619941	2879131	9.89
വയനാട്	672128	780619	16.14
കണ്ണൂർ	2251727	2408956	6.98
കാസർഗോഡ്	1071508	1204078	12.37
കേരളം ആകെ	29098518	31841374	9.43

LIBRARY ARCHIVES Kerala Legislative Assembly